**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **16-09-2025 - ൽ മറുപടിയ്ക്ക്**

**ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും ഗോവിന്ദചാമി എന്ന കൊടുംകുറ്റവാളി ജയിൽ ചാടിയ സംഭവത്തിൽ ജയിൽ അധികൃതർക്ക് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഗോവിന്ദചാമിയുടെ ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് ഉത്തരമേഖല ജയിൽ ഡി.ഐ.ജി നടത്തിയ പ്രാഥമികന്വേഷണ റിപ്പോർട്ടിൽ ജയിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച്ച സംഭവിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നാല് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ബി) | അതീവ സുരക്ഷയുള്ള ജയിലിൽ നിന്നും രക്ഷപ്പെടുന്നതിന് പ്രസ്തുത കുറ്റവാളിക്ക് ആരുടെയെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തടവുചാട്ടത്തിന്, കണ്ണൂർ സെൻട്രൽ ജയിലിലെ ഏതെങ്കിലും ഉദ്യോഗസ്ഥരോ, തടവുകാരോ, പുറമെ നിന്നുള്ളവരോ സഹായം നൽകിയതായി വകുപ്പ് തല അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത സംഭവത്തോടനുബന്ധിച്ച് മുഖ്യമന്ത്രി 26.07.2025 തീയതിയിൽ വിളിച്ച് ചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനമനുസരിച്ച് ഈ സംഭവത്തെക്കുറിച്ചും, ഇതിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും വിശദമായി അന്വേഷിക്കുന്നതിനായി സ.ഉ.(സാധാ)നം.2618/2025/ആഭ്യന്തരം, തീയതി 02.08.2025 പ്രകാരം ജസ്റ്റിസ് (റിട്ട.) സി.എൻ. രാമചന്ദ്രൻ നായർ, മുൻ ഡി. ജി. പി. ശ്രീ ജേക്കബ് പുന്നൂസ് IPS എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br><br>ഗോവിന്ദച്ചാമിക്ക് തടവുചാടാൻ സഹായകമായ സാഹചര്യങ്ങൾ വിലയിരുത്തി ഭാവിയിൽ ഇത്തരം സംഭവങ്ങൾ ജയിലുകളിൽ ഉണ്ടാകുന്നത് തടയുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും, സംസ്ഥാനത്തെ പ്രധാന ജയിലുകളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാനസൗകര്യങ്ങൾ (ഭൗതികം/ഇലക്ട്രോണിക്), മാനവശേഷി, ജയിൽ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെ പരിശീലനം, ജയിൽ നടത്തിപ്പിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്നിവ വിലയിരുത്തി, നിലവിലുള സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ജയിലിനുള്ളിലെ സുരക്ഷയും ജാഗ്രതയും വർദ്ധിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അനുവദനീയമല്ലാത്തതും ആശാസ്യമല്ലാത്തതുമായ പ്രവൃത്തികൾ ജയിലിനുള്ളിൽ നടത്തുന്നത് കർശനമായി തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സുരക്ഷ വർധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നാല് സെൻട്രൽ ജയിലുകളിലും ഇലക്ട്രിക് ഫെൻസിംഗ് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും പുറം മതിലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പുറം മതിലുകളിൽ ലേസർ സെക്യൂരിറ്റി സിസ്റ്റം സ്ഥാപിക്കുന്നത് പരിശോധിക്കുന്നതിനും ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br><br>ജയിലുകളിൽ ഇപ്പോൾ നിലവിലുള്ള സി.സി.ടി.വി സംവിധാനത്തിനു പുറമേ ലേസർ സംവിധാനമുള്ള ഇന്റലിജൻസ്/ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളും ഫയർ അലാറം സിസ്റ്റവും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായി ജയിൽ വകുപ്പദ്ധ്യക്ഷൻ ചർച്ച നടത്തി, ജയിൽ സുരക്ഷ സംബന്ധിച്ച പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. |
| (ഡി) | കൊടുംകുറ്റവാളികളെ പാർപ്പിച്ചിരിക്കുന്ന ജയിലുകളിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഡി) | കൊടും കുറ്റവാളികളെ പാർപ്പിച്ചിട്ടുള്ള അതീവ സുരക്ഷാ ജയിൽ പോലുള്ള ജയിലുകളിൽ പവർ ഫെൻസിംഗ് സംവിധാനം, സിസിടിവി സർവെയലൻസ് സംവിധാനം, DFMD, HHMD, X-ray Baggage Scanner തുടങ്ങിയവ ഇതിനോടകം സ്ഥാപിച്ചിട്ടുള്ളതും ഇവയുടെ കാര്യക്ഷമതയും പ്രവർത്തനമികവും വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ